പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1408 07/06/2018-ൽ മറുപടിക്ക്

**കെ.ഇ.ആർ ഭേദഗതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.ടി.എ റഹീം: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട കെ.ഇ.ആർ ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. 03-12-2016 ലെ 199/2016 നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കെ.ഇ.ആർ ഭേദഗതിക്ക് 29-01-2016 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. |
| (ബി) ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയതിനാൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ച തീയതിക്ക് മുമ്പായി നിയമനം ലഭിച്ച അദ്ധ്യാപകർ അംഗീകാരം ലഭിക്കാതെ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?. എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?. | (ബി) കെ.ഇ.ആർ ഭേദഗതി മൂലം നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമില്ല. 03-12-2016 ലെ ജി.ഒ (പി) നം. 199/2016/പൊവിവ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതിക്ക് 29-01-2016 മുതൽ മുൻകാല പ്രാബല്യം നൽകിയിരുന്നു. 29-01-2016-ലെ ജി.ഒ (പി) നം. 29/2016/പൊവിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക സംരക്ഷണത്തിനും നിയമനങ്ങൾക്കുമുള്ള മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളുമാണ് 03-12-2016 ലെ ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നത്. ആയതിനാൽ ഈ ഭേദഗതികൾക്കു നൽകിയ മുൻകാല പ്രാബല്യം (29-01-2016) ബഹു. കേരള ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഈ കെ.ഇ.ആർ ഭേദഗതിക്കുള്ള മുൻകാല പ്രാബല്യം ചട്ട വിരുദ്ധമല്ല. 29-01-2016 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തപ്പെട്ട നിയമനങ്ങളുടെ അംഗീകാരങ്ങളൊന്നും തടസ്സപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ